**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2715** **24-02-2026 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിൽ നിർമ്മിച്ച പഠന മുറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് ആലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിന് എത്ര പഠന മുറികൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും തദ്ദേശസ്ഥാപനം തിരിച്ച് കണക്ക് ലഭ്യമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് പഠനമുറി പദ്ധതി പ്രകാരം ആലപ്പുഴ നിയോജക മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 90 ഗുണഭോക്താക്കൾക്ക് 1,59,80,000 രൂപ അനുവദിച്ചിട്ടുണ്ട്. കണക്ക് വിവരങ്ങൾ വിവരങ്ങൾ **അനുബന്ധം I** ആയി ചേർക്കുന്നു. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് ആലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ഗുണഭോക്താക്കളെ ഭവന പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും തദ്ദേശസ്ഥാപനം അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) | ഈ സർക്കാരിന്റെ കാലത്ത് ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം ആലപ്പുഴ നിയോജക മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 104 ഗുണഭോക്താക്കൾക്ക് 1,99,00,000 രൂപ അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനം തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം II** ആയി ചേർക്കുന്നു.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ആലപ്പുഴ നിയോജക മണ്ഡലത്തിൽ ഭവന പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ആർക്കും തന്നെ ധനസഹായം അനുവദിച്ചിട്ടില്ല. എന്നാൽ ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിയ പി.കെ കാളൻ പദ്ധതിയിൽ ഉൾപ്പെടുത്തി 68 പേരുടെ വീടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട് . |
| (സി) | ഇതിൽ എത്ര ഗുണഭോക്താക്കളുടെ വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനി എത്ര വീടുകൾ പൂർത്തീകരിക്കുവാനുണ്ടെന്നും വ്യക്തമാക്കാമോ? | (സി) | പട്ടികജാതി വികസന വകുപ്പിന്റെ ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം ആലപ്പുഴ നിയോജക മണ്ഡലത്തിൽ ആനുകൂല്യം അനുവദിച്ച 104 ഗുണഭോക്താക്കളിൽ പൂർത്തീകരിച്ചിട്ടുള്ളതും ഇനിയും പൂർത്തീകരിക്കുവാനുള്ളതുമായ വീടുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>പൂർത്തീകരിച്ചിട്ടുള്ള വീടുകൾ -99<br><br>പൂർത്തീകരിക്കുവാനുള്ള വീടുകൾ -5<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിയ പി.കെ കാളൻ പദ്ധതി പ്രകാരം 68 |

| | | | |
|---|---|---|---|
| | | | പേരുടെ വീട്ടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം -I</u>

| ക്രമ നം. | തദ്ദേശസ്വയം ഭരണസ്ഥാപനം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 1 | ആര്യാട് | 9 | 18,00,000 |
| 2 | മണ്ണഞ്ചേരി | 32 | 55,30,000 |
| 3 | മാരാരിക്കുളം തെക്ക് പഞ്ചായത്ത് | 24 | 42,70,000 |
| 4 | ആലപ്പുഴ മുൻസിപ്പാലിറ്റി | 3 | 3,50,000 |
| 5 | മാരാരിക്കുളം വടക്ക് പഞ്ചായത്ത് | 22 | 40,30,000 |

## അനുബന്ധം -II

| ക്രമ നം. | തദ്ദേശസ്വയം ഭരണസ്ഥാപനം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 1 | ആര്യാട് | 13 | 25,00,000 |
| 2 | മണ്ണഞ്ചേരി | 52 | 99,50,000 |
| 3 | മാരാരിക്കുളം തെക്ക് പഞ്ചായത്ത് | 22 | 42,50,000 |
| 4 | ആലപ്പുഴ മുൻസിപ്പാലിറ്റി | 0 | 0 |
| 5 | മാരാരിക്കുളം വടക്ക് പഞ്ചായത്ത് | 17 | 32,00,000 |